DESPATCHED
On..16/..8/..21..

28/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 297(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 3820/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ഓഗസ്റ്റ് 2**

ശ്രീമതി അഞ്ജു മുരളീധരൻ
W/o റിയാസ് അബ്ദുൾ സലീം,
കാഞ്ഞിരവിള വീട്, പാടം പി.ഒ.,
പത്തനംതിട്ട - 689 694.
} അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം),
പത്തനംതിട്ട.
2) അപ്പീൽ അധികാരി,
ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം),
പത്തനംതിട്ട.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 06/01/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 12/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 03/03/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 12/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 18/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 29/04/2021 |
| ഹിയറിംഗ് നടന്ന തീയതി | 30/7/2021 – വീഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി അഞ്ജു മുരളീധരൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ വിവരാവകാശ നിയമപ്രകാരം 06.01.2021-ന് സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ 12.2.2021-ന് അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും ടിയാളുടെ വിവരാവകാശ അപേക്ഷയിലെ സ്റ്റാഫ് നേഴ്സുമാരുടെ ദീർഘകാല ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള 1, 2 എന്നീ ചോദ്യങ്ങൾക്ക് ഒന്നാം അപ്പീൽ അധികാരിയിൽ നിന്നും വ്യക്തവും

തൃപ്തികരവുമായ മറുപടി ലഭിക്കാത്തതിനാൽ കമ്മീഷനിൽ നിന്നും തൃപ്തികരവും വ്യക്തവുമായ മറുപടി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ ഉണ്ടാകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1) 2021 ജനുവരി 4–ന് ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ മുഖാന്തിരം ലഭ്യമായ അപേക്ഷയ്ക്കു നൽകിയ മറുപടി പ്രകാരം പത്തനംതിട്ട ജില്ലയിലെ ശൂന്യവേതന അവധികൾമൂലം ഉണ്ടായിട്ടുള്ള സ്റ്റാഫ് നേഴ്സുമാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നാണ്. അപ്രകാരമെങ്കിൽ 18/02/2020 തീയതി ശ്രീ.രഞ്ജിത്ത് എന്ന വ്യക്തിക്ക് ലഭിച്ച വിവരാവകാശ മറുപടിയിൽ 23 സ്റ്റാഫ് നേഴ്സുമാർ ശൂന്യവേതന അവധിയിൽ ഉള്ളതാണെന്നും തൽസ്ഥാനത്തേക്ക് നിയമിതരായ പുതിയ ഉദ്യോഗസ്ഥരുടെ പേരു വിവരങ്ങളും ജോലിയിൽ പ്രവേശിച്ച തീയതിയും നൽകണമെന്നും

2) 18/02/2020 തീയതി ശ്രീ. രഞ്ജിത്ത് എന്ന വ്യക്തിക്ക് ലഭിച്ച വിവരാവകാശ രേഖകളിൽ 23 സ്റ്റാഫ് നേഴ്സുമാർ ശൂന്യവേതന അവധിയിലാണെന്ന് പരാമർശിച്ചിട്ടുണ്ടെന്നും എന്നാൽ 4/1/2021–ൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖ്യമന്ത്രിയുടെ പ്രശ്നപരിഹാര സെല്ലിൽ സമർപ്പിച്ച മറുപടി പ്രകാരം പത്തനംതിട്ട ജില്ലയിലെ സ്റ്റാഫ് നേഴ്സുമാരുടെ ശൂന്യവേതന ഒഴിവുകൾ പിഎസ്.സിക്ക് റിപ്പോർട്ട് ചെയ്തതിന്റെ പെർഫോമയുടെ പകർപ്പ് നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ 12.02.2021 തീയതി ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, പത്തനംതിട്ട ജില്ലാ മെഡിക്കൽ ആഫീസിൽ വിവരാവകാശ നിയമ പ്രകാരം സ്റ്റാഫ് നേഴ്സ് തസ്തികയുമായി ബന്ധപ്പെട്ട് ചില വിവരങ്ങൾ ആരാഞ്ഞുകൊണ്ട് ശ്രീമതി അഞ്ജു മുരളീധരൻ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും നിശ്ചിത സമയപരിധിക്കുള്ളിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ലഭ്യമാക്കാതിരുന്നതിനാൽ 12/02/2012 തീയതി ഒന്നാം അപ്പീൽ സമർപ്പിച്ച പ്രകാരം അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ 06/03/2021–നകം ഹർജിക്കാരിക്ക് ലഭ്യമാക്കണമെന്ന് ഉത്തരവാകുന്നു എന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, വിവിധ ഫയലുകളിലായി ഉണ്ടായിരുന്ന വിവരങ്ങൾ ക്രോഡീകരിച്ച രീതിയിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാലാണ് വിവരങ്ങൾ അപ്രകാരം അപേക്ഷകയ്ക്ക് നൽകുവാൻ കഴിയാതിരുന്നതെന്നും, ഭാരിച്ച ജോലിഭാരവും, കോവിഡ്–19

അടിയന്തിര സാഹചര്യം നിലനിൽക്കുന്നതിനാലും, പൊതുസ്ഥലംമാറ്റ നടപടികൾ നടക്കുന്ന കാലയളവ് ആയതിനാലുമാണ് വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടത് എന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഹർജിക്കാരിയേയും ഒന്നാം എതിർകക്ഷിയേയും നേരിൽ കേട്ടതിലും ഹർജിക്കാരിയുടെ 6.1.2021 തീയതിലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയില്ലെന്നതും ഒന്നാം അപ്പീൽ അധികാരി വ്യക്തവും തൃപ്തികരവുമായ മറുപടി നൽകിയില്ല എന്നതുമാണ് അപ്പീൽ ഹർജിക്കാരിയുടെ ആക്ഷേപം എന്ന് കാണുന്നു. വിവരാവകാശ നിയമപ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ തന്റെ കൈവശമുള്ള വിവരം അപേക്ഷകൻ ആവശ്യപ്പെടുന്ന രൂപത്തിലേക്ക് മാറ്റി നൽകുകയോ കൈവശമുള്ള രേഖ/വിവരത്തിൽ നിന്ന് അനുമാനങ്ങളോ നിഗമനങ്ങളോ കണ്ടെത്തി നൽകുകയോ രേഖകളിൽ നിന്ന് വിവരം ചികഞ്ഞെടുത്തോ ശേഖരിച്ചോ നൽകുകയോ ചെയ്യേണ്ടതില്ല. മാത്രമല്ല പല ഫയലുകളിലെ വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ട് രൂപത്തിൽ മറുപടി ആവശ്യപ്പെടുന്നതും ഒരു ഫോർമാറ്റ് നൽകി അത് പൂരിപ്പിച്ച് നൽകാൻ ആവശ്യപ്പെടുന്നതും നിയമാനുസൃതവുമല്ല. 12.2.2021-ന് ഒന്നാം അപ്പീൽ നൽകിയതിനെ തുടർന്ന് വിവരങ്ങൾ നൽകാൻ ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകി 3.3.2021-ന് അപ്പീൽ തീർപ്പാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിക്ക് ആവശ്യപ്പെട്ട എല്ലാ രേഖകളും ലഭിച്ചിട്ടുണ്ടെന്ന് ഹിയറിംഗ് വേളയിൽ എതിർകക്ഷി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഭാവിയിൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഓഗസ്റ്റ് 2-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

ഒപ്പ്
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

യു.എസ്